

പൂമുള്ളി തമ്പുരാൻ

# പൂമുള്ളി തമ്പുരാന്റെ രണ്ട് ആനക്കഥകൾ



ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി



കാലം കുറെയായെങ്കിലും എന്റെ മനസ്സിൽ കോലം കയറ്റി എഴുന്നള്ളിച്ചുനിൽക്കുന്ന പൂമുള്ളി തമ്പുരാന്റെ രണ്ടു ആനക്കഥകൾ പറയാം:

ഒരുനാൾ രാത്രി. ചേർപ്പ് പെരുവനത്ത് പൂരം. അമ്പലനടകൾ നെറ്റിപ്പട്ടം, കുട, തഴ ചാമരാദികൾ, ചന്തം ചാർത്തിയ ആനകളെക്കൊണ്ട് വെട്ടിത്തിളങ്ങുന്നു. പോരെങ്കിൽ ഒരിടത്ത് അഞ്ചും തികഞ്ഞ പഞ്ചാരിയും മറ്റൊരിടത്ത് പതികാലത്തിൽ പൂത്തുലയുന്ന പഞ്ചവാദ്യവും!

തായംകുളങ്ങര ക്ഷേത്രനടയിൽ, കലാമണ്ഡലം പരമേശ്വരനും കടവല്ലൂർ അരവിന്ദാക്ഷനും മറ്റും പ്രമാണിക്കുന്ന പഞ്ചവാദ്യം അരങ്ങുതിമിർക്കുന്നു. ഞാൻ ആ ലഹരിയിൽ ലയിച്ചുനിൽക്കുന്നു. പെട്ടെന്നാണ് പിന്നിൽ നിന്ന് ആരോ തോളിൽ തട്ടിവിളിച്ചത്. തിരിഞ്ഞുനോക്കിയപ്പോൾ ആറാംതമ്പുരാൻ!

“ഏയ് കൃഷ്ണൻകുട്ടി വര്ണ്ടാ..ഒരു നേരമ്പോക്കു കാണിച്ചുതരാം...”

പഞ്ചവാദ്യരംഗത്തുനിന്ന് മാറാൻ മനസില്ലെങ്കിലും തമ്പുരാൻ വിളിച്ചതുകൊണ്ട് കൂടെപോയി. ചുറ്റിയ മുണ്ടിന്റെ ഒരു തല കക്ഷത്തിൽ, തോളിൽ ഒരു തോർത്തും- തമ്പുരാന്റെ സ്ഥിരം വേഷം. എന്താ, ഏതാ എന്നൊക്കെ മനസിലായില്ലെങ്കിലും തമ്പുരാന്റെ പിന്നിൽ നടന്നു.

അങ്ങിനെ നടന്ന് നടന്ന് പെരുവനത്തപ്പന്റെ ക്ഷേത്രകവാടത്തിലെത്തിയപ്പോൾ, അവിടെയെങ്ങും ആരുമില്ലായിരുന്നു. മാത്രമല്ല, വാതിലുകൾ പൂർണ്ണമായി അടച്ചിട്ടില്ല എന്നേയുള്ളൂ, ചാരിയിട്ടുണ്ട്. മതിലകത്ത് വെളിച്ചം നന്നേ കുറവ്. ഒന്നും വ്യക്തമല്ല. സൂക്ഷിച്ചുനോക്കിയപ്പോൾ, അൽപം അകലെ ഒരു ആലിൻചുവട്ടിൽ ഒരു ആന.. ഒരാന മാത്രം നിൽക്കുന്നതുകണ്ടു. തമ്പുരാനെ കണ്ടതും നാലഞ്ചു പാപ്പാന്മാർ ഓടിവന്നു.

“എന്താപ്പൊ സ്ഥിതി? എന്താ മട്ട്?” സുഖവിവരം അന്വേഷിയ്ക്കുന്ന അത്ര ലാഘവത്തോടെ തമ്പുരാന്റെ ചോദ്യം.

“അടുത്തേയ്ക്ക് ആരെയും അടുപ്പിക്കുന്നില്ല. തീത്തുമ്പിമാതിരി ഒറ്റനിൽപ്പാ. തളയ്ക്കാൻ പറ്റുന്നില്ല.” ഭയവും ആശങ്കയും നിറഞ്ഞ ശബ്ദത്തിൽ പാപ്പാന്മാരുടെ മറുപടി.

അപ്പോഴാണ് ശരിയ്ക്കും എന്റെ വയർ കാളിയത്. എന്റെ പെരുവനത്തപ്പാ! ഏതു നിമഷവും കൈവിട്ടുപോകാവുന്ന ഈ കൊലകൊമ്പന്റെ അടുത്തേയ്ക്കാണോ, ഒരു നേരമ്പോക്കു കാണിച്ചുതരാം എന്നു പറഞ്ഞ് തമ്പുരാൻ കൂട്ടിക്കൊണ്ടുവന്നത്?

“തളയ്ക്കാൻ പഠിച്ച പണിയൊക്കെ നോക്കി. പറ്റുന്നില്ല.” പാപ്പാന്മാർ വീണ്ടും.

“അതു സാരല്യ.. നേരെയാക്കാം.. ആട്ടെ, ഇടത്തെ ചെന്നി ഒലിയ്ക്കുണ്ടോ എന്ന് നോക്ക്.”

പാപ്പാന്മാർ ഓടിപ്പോയി, നോക്കിവന്നിട്ട് പറഞ്ഞു: “നല്ലോണം ഒലിവുണ്ട്.”

“ചെവി ആട്ട്ണില്യാ ഉവ്വോ?”

“ഇല്ല.”

പിന്നെ തമ്പുരാന്റെ നിർദ്ദേശം: “രണ്ടു തെങ്ങിൻപട്ട കൊണ്ടുവാ.. എന്നിട്ട് ഓല മുഴോൻ കളയ്‌ാ.. പട്ടയുടെ തലപ്പ് വെട്ടി മാറ്റി പെൻസില് കൂർപ്പിക്കണമാതിരി ചെത്തിക്കൂർപ്പിക്ക്..”

പറഞ്ഞ നേരംകൊണ്ട്, അറ്റം കൂർപ്പിച്ച, കുന്തം പോലെയുള്ള രണ്ടു പട്ടകൾ തമ്പുരാന്റെ കൈയ്യിൽ വന്നു. അതിലൊന്ന് വലംകൈയ്യിലെടുത്ത്, പതുക്കെ ആനയുടെ അടുത്തേയ്ക്ക് നീങ്ങിനീങ്ങി, ഉന്നം നോക്കി ഒരൊറ്റ ഏറ്!

ആ കുന്തം ആനയുടെ വലത്തെ മുൻകാലിൽ തുളച്ചുകയറി. ഉച്ചത്തിൽ ചിന്നം വിളിച്ചുകൊണ്ട് ആന നമസ്കരിയ്ക്കുന്നതുപോലെ മുൻകാലുകൾ മടക്കി! നിമിഷങ്ങൾക്കകം രണ്ടാമത്തെ കുന്തം ഇടത്തെകാലിൽ മിന്നൽപോലെ തുളച്ചുകയറി. പിന്നെ താമസമുണ്ടായില്ല, ആന കിടന്നു; അവശനായി...

അന്നേരം, വിശേഷിച്ചൊന്നും സംഭവിച്ചിട്ടില്ല എന്ന ഭാവത്തോടെ, പാപ്പാൻമാരോടായി തമ്പുരാൻ പറഞ്ഞു: “ഇനി ആർക്കാച്ചാൽ അടുത്തുപോയി ചങ്ങലയിടാം, തളയ്ക്കാം...”

എല്ലാം കണ്ടും കേട്ടും തരിച്ചുനിന്നിരുന്ന എന്നെ നോക്കി, ഒരു ചെറുചിരി.

“എന്താ കൃഷ്ണൻകുട്ടി, ഇനി അസാരം പഞ്ചവാദ്യം ആവാം അല്ലേ? തൃപുട എങ്ങിനെയുണ്ട് എന്നു നോക്കാം...”

**രണ്ടാമത്തെ ആനക്കഥ**

**ഇങ്ങനെ:** തൃശൂർ ശങ്കരംകുളങ്ങര ദേവസ്വം അധികൃതർ കണ്ടുമോഹിച്ച് വാങ്ങാൻ ഏതാണ്ടു നിശ്ചയിച്ച ആനയെ തമ്പുരാൻ പറഞ്ഞതുകൊണ്ടുമാത്രം വാങ്ങാതെ തിരികെ പോന്ന സംഭവമാണ്.

അക്കാലത്ത് ശങ്കരംകുളങ്ങരെ ദേവസ്വം ഭരണസമിതിയുടെ മുഖ്യസാരഥിയായിരുന്ന പുല്ലോട്ടെ ഗംഗാധരമേനോൻ അക്ഷരാർത്ഥത്തിൽ ആറാംതമ്പുരാന്റെ ആരാധകനായിരുന്നു. ആനയെ വാങ്ങുന്നതിനു മുമ്പ് തമ്പുരാൻ അവസാനവാക്ക് പറയണം. പറഞ്ഞാൽ, എന്തു വിലകൊടുത്തും ആ ആനയെ വാങ്ങും; ഇല്ലെങ്കിൽ ഇല്ല!

ഒരിക്കൽ ചേർത്തല ഭാഗത്താണെന്നാണ് ഓർമ്മ, ലക്ഷണമൊത്ത ഒരു കൊമ്പനാനയെ കണ്ട് ഗംഗാധരമേനോനും കൂട്ടുകാർക്കും ശരിക്കും കമ്പം കയറി. അത്രമാത്രം അഴകാർന്ന ആന. വില എത്രയായാലും ആ ആനയെ വാങ്ങാൻ മേനോനും കൂട്ടരും ഉറപ്പിച്ചു. എന്നാൽ അവസാനവാക്ക് തമ്പുരാൻതന്നെ പറയണമല്ലൊ.

തമ്പുരാനും മേനോനും മറ്റും കാറിൽ പുറപ്പെട്ടു, ചേർത്തലയിലേക്ക്. ആനയെ തളച്ചിരുന്നതിനടുത്തായി കാർ നിന്നു. എല്ലാവരും ഇറങ്ങി.

“ദേ, ഇവനാണ് ആ കൊമ്പൻ.” ഗംഗാധരമേനോന്റെ സ്വരത്തിൽ നിറഞ്ഞ അത്ഭുതാഹ്ളാദങ്ങളുണ്ടായിരുന്നു.

തമ്പുരാൻ ആനയുടെ ചുറ്റും നടന്നു നോക്കി. നേർക്കുനേരെ നിന്ന് അംഗപ്രത്യംഗം നോക്കിക്കണ്ടു. എല്ലാവരും തമ്പുരാന്റെ അഭിപ്രായത്തിനായി കാതോർത്തുനിന്നു.

തമ്പുരാൻ, ഒന്നും പറയാതെ, പതുക്കെ കാറിന്റെ അടുത്തേയ്ക്ക് തിരിഞ്ഞുനടന്നു! മറ്റുള്ളവർ കൂടെ നടന്നു. എന്തോ, തമ്പുരാന്റെ മുഖം തെളിയുന്നില്ല.

കാറിൽ ചാരിനിന്ന്, തമ്പുരാൻ വീണ്ടും ആ ആനയെ ശ്രദ്ധിച്ചുനോക്കി. പിന്നെ, താഴ്ന്ന സ്വരത്തിൽ ചോദിച്ചു:

“ഗംഗാധരാ, അഡ്വാൻസൊന്നും കൊടുത്തിട്ടില്ലല്ലൊ?”

“ഇല്യ. കൊടുക്കാം. പണം കൊണ്ടുവന്നിട്ടുണ്ട്.” എന്നായി ഗംഗാധരമേനോൻ.

“നന്നായി.. അഡ്വാൻസ് കൊടുക്കാതിരുന്നത് നന്നായി...” തമ്പുരാന്റെ, ആത്മഗതം പോലുള്ള വാക്കുകൾ കേട്ട് എല്ലാവരും ശരിയ്ക്കും നടുങ്ങി.

“പോവ്വാ.. നമുക്ക് മടങ്ങാം.” തമ്പുരാൻ പതിവുപോലെ കാറിന്റെ മുൻസീറ്റിൽ കയറി ഇരുന്നു. “കേറിക്കോളൂ, എല്ലാവരും കേറാ...”

എന്തോ പന്തികേടുണ്ടെന്ന് എല്ലാവർക്കും തോന്നി. എന്താണെന്നൊരു എത്തും പിടിയും കിട്ടുന്നുമില്ല.

തമ്പുരാൻ അപ്പോഴും നിശബ്ദനായിരുന്നു, ആലോചനാനിമഗ്നനായിരുന്നു.

“ഗംഗാധരാ, നമുക്ക് ആ ആന വേണ്ട. അതിനെ വാങ്ങണ്ട...”

“അയ്യോ തമ്പുരാൻ...?” ഗംഗാധരമേനോന് വാക്കുകൾ തൊണ്ടയിൽ തടഞ്ഞു.

“അൽപ്പായുസ്സാണ് ആ ആനക്ക്... ലക്ഷണങ്ങളൊക്കെ അതെടുത്തു പറയുന്നുണ്ട്. അതാ വാങ്ങണ്ട എന്നു പറഞ്ഞത്...”

പിന്നീടറിഞ്ഞു: അന്നു വാങ്ങാൻ മോഹിച്ച ആ കൊമ്പൻ മൂന്നുമാസത്തിലേറെ ജീവിച്ചിരിക്കുകയുണ്ടായില്ല...!

എന്റെ ജീവിതത്തിൽ, അതുവരെ കാണാത്ത ഒരു ആറാംതമ്പുരാനെ ഞാൻ ആദ്യമായി കാണുന്നത് മലേറിയ ബാധിച്ച് തമ്പുരാൻ തൃശൂർ അശ്വിനി ആശുപത്രിയിൽ കിടക്കുമ്പോഴാണ്.

അവശനായിരുന്നു തമ്പുരാൻ. മാത്രമല്ല, എന്തോ ഒരു പേടി കുടുങ്ങിയതുപോലെ... എനിക്ക് ഏറെനേരം നോക്കിനിൽക്കാൻ കഴിഞ്ഞില്ല. മുറിയിലുണ്ടായിരുന്ന ഉണ്ണിത്തമ്പുരാനോടുപോലും യാത്ര പറയാനാവാതെ ഞാൻ മടങ്ങി.

ഭാഗ്യം! അന്നത്തെ ആ പ്രതിസന്ധിയിൽ നിന്നും തമ്പുരാൻ രക്ഷപ്പെട്ടു. അക്കാലത്തൊരിക്കൽ, ഞാനും മരുമകൻ കൈക്കുളങ്ങര ഉണ്ണികൃഷ്ണനുംകൂടി തമ്പുരാനെ കാണാൻ ചെന്നു. മനയ്ക്കലെ ഔട്ട്ഹൗസിന്റെ പുറത്ത് ഇരുന്ന് തമ്പുരാൻ നന്നായൊന്നു മുറുക്കാനുള്ള പുറപ്പാടാണ്. കൂടെ, നിഴൽപോലെ തമ്പുരാനെ പിന്തുടർന്നിരുന്ന സന്തതസഹചാരി കരുമത്തിൽ ശ്രീധരൻനായരും. ഗുരുവായൂരിലും ചൊവ്വല്ലൂരിലും തമ്പുരാന്റെ നക്ഷത്രത്തിൽ വഴിപാടു കഴിച്ചതിന്റെ പ്രസാദവും കളഭവും മറ്റുമായാണ് ഞങ്ങൾ ചെന്നത്. കണ്ടയുടനെ തമ്പുരാൻ വാത്സല്യപൂർവ്വം ചിരിച്ചുചോദിച്ചു:

"അ: അ: ആ... ഇതുപ്പൊ എവിടുന്നാ ഈ വിദ്വാന്മാരുടെ വരവ്...?"

ഒന്നു കാണാൻ വന്നതാണെന്നായി ഞങ്ങൾ.

"നന്നായി.. ഇപ്പൊ വന്നത് നന്നായി. ആശുപത്രിയിൽ കിടക്കുന്ന സമയത്താണെങ്കിൽ.. എന്നെ അറിയാവുന്നവർക്ക് കാണാനുള്ള മനസ്സുറപ്പുണ്ടാവില്ല്യ... എന്താ ശ്രീധരാ ശരിയല്ലേ?"

കളഭവും പ്രസാദവും മറ്റും കൈനീട്ടി വാങ്ങി തമ്പുരാൻ പതുക്കെ എഴുന്നേറ്റു. മുറുക്കിത്തുപ്പി.

"ശ്രീധരാ, കുറച്ച് വെള്ളം ങ്ങട് കൊണ്ടാ... കാലും മുഖവും ഒന്നു കഴുകട്ടെ..."

തികഞ്ഞ ഭക്ത്യാദരങ്ങളോടെ കളഭം കൈനീട്ടി വാങ്ങി കുറിയിട്ടു. ഒരു കദളിപ്പഴം കഴിച്ചു. ഒരു നുള്ള് പഞ്ചസാരയും. ഗുരുവായൂരപ്പന് ചാർത്തിയ തുളസിമാല രണ്ടു കണ്ണിലുംവച്ച് അൽപനേരം പ്രാർത്ഥിച്ചു.

"അപ്ലേയ് കൃഷ്ണൻകുട്ടി, നന്നായി. ഇത് ഇപ്പൊ തോന്നിയത് നന്നായി... സന്തോഷായി..."

അപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്: തമ്പുരാന്റെ മുഖം തുടുത്തിരുന്നു; രണ്ടു മിഴികളും നിറഞ്ഞുതുളുമ്പിയിരുന്നു...





**എന്റെയൊരു മോഹഭംഗത്തിന്റെ കഥ പറയാം.**

ആനകളെപ്പറ്റി ഒരു പരമ്പര എഴുതാനുള്ള വിവരങ്ങൾ ശേഖരിയ്ക്കാനായി ഒരുനാൾ ഞാൻ പൂമുള്ളി മനയ്ക്കൽ ചെന്നതായിരുന്നു. അതിനിടെ ഒരു നോട്ടുപുസ്തകം കൈയ്യിൽത്തന്ന് തമ്പുരാൻ പറഞ്ഞു: "കൃഷ്ണൻകുട്ടി ഇതൊന്നു മറിച്ചുനോക്ക്.. ഒരു നേരമ്പോക്കിന് തുടങ്ങിയതാണ്... നന്നായിട്ടുണ്ടോ എന്നൊന്നും നിശ്ചംല്ല്യ..."

ഞാൻ മറിച്ചുനോക്കി. സമുദ്രഗുപ്തന്റെ വിഖ്യാതമായ സാമുദ്രികശാസ്ത്രത്തിന്റെ തർജ്ജമയാണ്. ആദ്യം മൂലം, പിന്നെ മലയാളം. സരളവും ലളിതവുമായ ഭാഷ. നല്ല ഒഴുക്ക്. പ്രസാദാത്മകതയും...

"ഇതൊന്നു മുഴുവനാക്കണം. തമ്പുരാൻ." ഞാൻ അഭ്യർത്ഥിച്ചു. "തർജ്ജമ നന്നായിട്ടുണ്ട്."

"അതൊന്നും ഉറപ്പിയ്ക്കണ്ട... മൂലം വായിച്ച് രസം പിടിച്ചപ്പോൾ മലയാളത്തിലാക്കി എന്നേയുള്ളൂ.. മുഴുനായിട്ടില്ല."

മുഴുവനാക്കണം, എന്നിട്ട് ഇത് അച്ചടിച്ചു പുസ്തകമാക്കണം- ഞാൻ എന്റെ മോഹം പറഞ്ഞു.

"എഴുതിയേടത്തോളം ആരെയെങ്കിലും ഒന്നു കാണിച്ചാലോ എന്നൊരു മനോരാജ്യവും ഇല്ലെന്നില്ല." തമ്പുരാന്റെ ആത്മഗതത്തിന് തുടർച്ചയായി ഞാൻ പറഞ്ഞു.

"കോഴിക്കോട്ടു കൊണ്ടുപോയി എൻ.വി. കൃഷ്ണവാരിയരെ കാണിയ്ക്കാം. എന്താ?"

"ഒരു തരക്കെടൂല്യ... എൻ.വി. നോക്കിയാൽ മതി."

ആ നോട്ടുപുസ്തകം പിറ്റേന്നുതന്നെ ഞാൻ എൻ.വിയ്ക്കു കൊണ്ടുകൊടുത്തു. തർജ്ജമ ഒന്നാംതരമായിട്ടുണ്ടെന്ന് പറഞ്ഞ എൻ.വി. ഒരു നിർദ്ദേശവും വെച്ചു:

"ഇതൊന്നു പൂർത്തിയാക്കാൻ പറയൂ തമ്പുരാനോട്. ആദ്യഭാഗം ആഴ്ചപ്പതിപ്പിൽ കൊടുക്കാം. പുസ്തകമാക്കിയാൽ നേട്ടമാവും."

ആ മോഹം പക്ഷേ, സഫലമായില്ല! തമ്പുരാൻ തർജ്ജമ പൂർത്തിയാക്കിയില്ല. എഴുതിയേടത്തോളം ഭാഗം ആഴ്ചപ്പതിപ്പിൽ വന്നതുമില്ല.

ഭാഗ്യക്കേടെന്നു പറയട്ടെ, പിന്നീട് ആ നോട്ടുപുസ്തകവും നഷ്ടപ്പെട്ടു.

മാപ്പ് തമ്പുരാൻ, മാപ്പ്...

"ഏയ്, കൃഷ്ണൻകുട്ടി, സാരല്യ..."എന്ന് ഒന്നു പറയൂ തമ്പുരാൻ.. എന്റെ മനസമാധാനത്തിന്.. ഒന്ന് പറയൂ... ഒരിക്കൽമാത്രം...